## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6304** | **03.04.2018-ൽ മറുപടിയ്ക്ക്**

### ആദിവാസികളിലെ നിരക്ഷരത നിർമാർജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ആദിവാസികളിലെ നിരക്ഷരത നിർമാർജ്ജനം ചെയ്യുന്നതിനും തുടർ വിദ്യാഭ്യാസത്തിനുമായി സാക്ഷരതാമിഷൻ പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും തുടർവിദ്യാഭ്യാസത്തിനുമായി പട്ടിക വർഗ്ഗ വികസന വകുപ്പ് സാക്ഷരതാ മിഷനുമായി സഹകരിച്ച് "സമഗ്ര" എന്ന ആദിവാസി സാക്ഷരത തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | ബി) | പ്രസ്തുത പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 370.00 ലക്ഷം രൂപ അനുവദിക്കുകയും പദ്ധതിയുടെ ആദ്യഘട്ടമായി 100 പട്ടികവർഗ്ഗ കോളനികളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ കോളനിയിലും ആദിവാസി വിഭാഗത്തിൽപ്പെട്ട ഒരാളെ പ്രേരക് ആയി നിയമിച്ചു. ടി പ്രേരക്മാർക്ക് 2 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ മാർച്ച് 24,25 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചു. ഇതോടെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഏപ്രിൽ മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ